# CAREER Updates
# പത്രവൃത്താന്തം

05.08.2024
(തിങ്കൾ)



⇨ സർക്കാർ വിരുദ്ധ പ്രക്ഷോഭത്തെ തുടർന്ന് 2024 ആഗസ്റ്റിൽ രാജിവച്ച ബംഗ്ലാദേശ് പ്രധാനമന്ത്രി

✔ ഷെയ്ഖ് ഹസീന

- ഏറ്റവും കൂടുതൽ കാലം ബംഗ്ലാദേശിന്റെ പ്രധാനമന്ത്രിയായിരുന്ന ഷെയ്ഖ് ഹസീന പ്രധാനമന്ത്രി പദം രാജിവച്ച ശേഷം രാജ്യത്ത് നിന്ന് പലായനം ചെയ്ത് ഇന്ത്യയിലെത്തി എന്നാണ് റിപ്പോർട്ട്.
- സർക്കാർ ജോലിയിലെ സംവരണ വിഷയത്തിൽ തുടങ്ങിയ പ്രക്ഷോഭമാണ് സർക്കാരിനെതിരായ സമരമായി മാറിയത്. വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനമാണ് സർക്കാരിനെതിരെ നിസ്സഹകരണ സമരം പ്രഖ്യാപിച്ചത്.
- ഷെയ്ഖ് ഹസീന രാജിവച്ചതിനു പിന്നാലെ ബംഗ്ലാദേശിന്റെ നിയന്ത്രണം സൈന്യം ഏറ്റെടുത്തു. രാജ്യത്ത് ഉടൻ ഇടക്കാല ഗവൺമെന്റ് രൂപീകരിക്കുമെന്ന് ബംഗ്ലാദേശ് ചീഫ് ഓഫ് ആർമി സ്റ്റാഫ് വേക്കർ ഉസ്മാൻ പ്രഖ്യാപിച്ചു. നിലവിലെ ബംഗ്ലാദേശ് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ ആണ്.

⇨ ഒളിമ്പിക്സ് ടെന്നീസിൽ സ്വർണ്ണം നേടുന്ന ഏറ്റവും പ്രായമേറിയ താരം

✔ നൊവാക് ജോക്കോവിച്ച്

- 2024-ലെ പാരീസ് ഒളിമ്പിക്സിൽ ടെന്നീസ് പുരുഷ സിംഗിൾസിൽ സ്വർണ്ണം നേടിയതോടെയാണ് ഒളിമ്പിക്സ് ടെന്നീസിൽ സ്വർണ്ണം നേടുന്ന ഏറ്റവും പ്രായമേറിയ താരം എന്ന റെക്കോഡ് ജോക്കോവിച്ച് സ്വന്തമാക്കിയത്. 2024-ലെ പാരീസ് ഒളിമ്പിക്സിൽ ടെന്നീസ് വനിതാ സിംഗിൾസിൽ സ്വർണ്ണം നേടിയത് ചൈനീസ് താരം ക്വിൻവെൻ ചെങ് ആണ്.
- എല്ലാ ഗ്രാൻസ്ലാം കിരീടങ്ങളും ഒളിമ്പിക്സിൽ സ്വർണ്ണവും നേടിയ നൊവാക് ജോക്കോവിച്ച് കരിയർ ഗോൾഡൻ സ്ലാം എന്ന അപൂർവ്വ നേട്ടവും സ്വന്തമാക്കി.

CAREER GUIDANCE BUREAU

⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ 100 മീറ്റർ ഓട്ടത്തിൽ സ്വർണ്ണം നേടിയ അമേരിക്കൻ താരം

✔ നോഹ ലൈൽസ്

⇨ 2024-ലെ പാരീസ് ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തുന്ന വനിതാ ഷൂട്ടിംഗ് താരം

✔ മനു ഭാക്കർ

⇨ 2024-ലെ ബാലാമണിയമ്മ പുരസ്കാരത്തിന് അർഹനായത്

✔ പ്രൊഫ. എം. തോമസ് മാത്യു

⇨ 2024-ലെ പി.ജി. ഗോവിന്ദപ്പിള്ള സാഹിത്യ പുരസ്കാരം നേടിയത്

✔ പ്രൊഫ. എം.കെ. സാനു

⇨ 2024 ആഗസ്റ്റിൽ അതിർത്തി രക്ഷാസേനയുടെ (ബി.എസ്.എഫ്.) ഡയറക്ടർ ജനറലായി അധിക ചുമതല നൽകപ്പെട്ട, നിലവിലെ സശസ്ത്ര സീമാബൽ (എസ്.എസ്.ബി.) ഡയറക്ടർ ജനറൽ

✔ ദൽജിത് സിങ് ചൗധരി


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999